File No.NREGA/372/2022-A3

തീയതി: 18/07/22

**സർക്കുലർ**

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)- കരാർ ജീവനക്കാരുടെ കരാർ പുതുക്കി നൽകുന്നത് പെർഫോമൻസ് അപ്രൈസൽ നടത്തി കരാർ പുതുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയ - സർക്കുലർ പരിഷ്കരിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്

സൂചന: 1. 08.07.22 തീയതിയിലെ എൻ .ആർ.ഇ.ജി.എ/372/2022-എ 3 നമ്പർ സർക്കുലർ

2. KSNREG എംപ്ലോയീസ് യൂണിയൻ (CITU) സമർപ്പിച്ച നിവേദനം

തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ കരാർ പുതുക്കുന്നതിനുള്ള പെർഫോമൻസ് അപ്രൈസൽ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി സൂചന ഒന്ന് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സാങ്കേതിക തകരാറുകൾ മൂലവും തൻറേതല്ലാത്ത മറ്റ് പ്രശ്നങ്ങൾ മൂലവും ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ അധികാരികളെ ബോധിപ്പിക്കുന്നതിനായി സെൽഫ് അപ്രൈസൽ രേഖപ്പെടുത്തി നൽകുന്നതിനുള്ള അവസരം നൽകണമെന്ന് സൂചന രണ്ട് പ്രകാരം കരാർ ജീവനക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പെർഫോമൻസ് അപ്രൈസൽ എന്നത് പുതിയ ഒരു സംവിധാനമായതിനാൽ ആദ്യഘട്ടത്തിൽ തന്നെ 55 ശതമാനം സ്കോർ വയ്ക്കുന്നത് ജീവനക്കാരെ ഹാനികരമായി ബാധിക്കുമെന്നും ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ട്.

നിലവിലെ സർക്കുലർ പ്രകാരം സെൽഫ് അപ്രൈസൽ രേഖപ്പെടുത്തി നൽകുന്നതിൽ തടസ്സം ഇല്ലെങ്കിലും ആയത് സംബന്ധിച്ച് പ്രത്യേകം നിർദേശം ആവശ്യമുണ്ട് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ സൂചന സർക്കുലറിൽ താഴെപ്പറയുന്ന ഭേദഗതികൾ കൂടി വരുത്തി ഉത്തരവാകുന്നു.

ഗ്രാമപഞ്ചായത്ത് തല ജീവനക്കാർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെയും ബ്ലോക്ക് തല ജീവനക്കാർക്ക് BPO മുമ്പാകെയും അവരുടെ സെൽഫ് അപ്രൈസൽ കൂടി സമർപ്പിക്കാവുന്നതാണ്. ഇതിൽ സാങ്കേതിക പ്രശ്നങ്ങൾ ഉൾപ്പെടെ പദ്ധതി നടത്തിപ്പിൽ അവർ നേരിട്ട പ്രശ്നങ്ങളും അവരുടെ നേട്ടങ്ങളും ബോധിപ്പിക്കാവുന്നതാണ്. കൂടാതെ മേൽ സർക്കുലർ പ്രകാരം നിയമനം പുതുക്കുന്നതിന് നിശ്ചയിച്ചിരുന്ന മിനിമം സ്കോർ 55 ശതമാനം എന്നത് ഈ വർഷത്തേക്കു മാത്രം **50** ശതമാനം എന്നാക്കി ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

മിഷൻ ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

എല്ലാ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

എല്ലാ ബ്ലോക്ക് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

എല്ലാ ഗ്രാമപഞ്ചായത്ത്സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത്,ഗ്രാമ പഞ്ചായത്ത്പ്രസിഡന്റ്മാർക്കും

അംഗീകാരത്തോടെ

ജോയിന്റ് ഡവലപ്മെന്റ് കമ്മിഷണർ(RE)